LIBRARY ARCHIVES Kerala Legislative Assembly

കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച (28-4-2018-ലെ O.A. No. 17 of 2017) കോസ്റ്റ് ഡാറ്റയിലെ നിരക്കുകൾക്ക് അനുസൃതമായി ത്രീ ഫേസ് ലൈൻ സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ നൽകുന്നതിന് ചെലവാകുന്ന തുക സംബന്ധിച്ച വിവരം ചുവടെ ചേർത്തിരിക്കുന്നു :

1. 50 മീറ്റർ വരെ ലോ ടെൻഷൻ ത്രീഫേസ് ഓവർ ഹെഡ് ലൈൻ വലിച്ച് പരമാവധി ഒരു പോസ്റ്റ് ഇട്ട് ത്രീഫേസ് സർവീസ് കണക്ഷൻ നല്കുന്നതിന് ചെലവാകുന്ന തുക - 11,550 + ഓരോ മീറ്റർ ഓവർ ഹെഡ് ലൈൻ നിർമ്മിക്കുന്നതിന് 160 രൂപ വീതവും

2. 50 മുതൽ 100 മീറ്റർ വരെ ലോ ടെൻഷൻ ത്രീഫേസ് ഓവർ ഹെഡ് ലൈൻ വലിച്ച് പരമാവധി രണ്ട് പോസ്റ്റ് ഇട്ട് ത്രീഫേസ് സർവീസ് കണക്ഷൻ നല്കുന്നതിന് ചെലവാകുന്ന തുക-28,800+50 മീറ്ററിലധികമായുള്ള ഓരോ മീറ്റർ ഓവർ ഹെഡ് ലൈൻ നിർമ്മിക്കുന്നതിനും 160 രൂപ അധികമായും

3. 100 മുതൽ 150 മീറ്റർ വരെ ലോ ടെൻഷൻ ത്രീഫേസ് ഓവർ ഹെഡ് ലൈൻ വലിച്ച് പരമാവധി മൂന്ന് പോസ്റ്റ് ഇട്ട് ത്രീഫേസ് സർവീസ് കണക്ഷൻ നല്കുന്നതിന് ചെലവാകുന്ന തുക - 46,600 100 മീറ്ററിലധികമായുള്ള ഓരോ മീറ്റർ ഓവർ ഹെഡ് ലൈൻ നിർമ്മിക്കുന്നതിനും 160 രൂപ അധികമായും

4. 150 മുതൽ 200 മീറ്റർ വരെ ലോ ടെൻഷൻ ത്രീഫേസ് ഓവർ ഹെഡ് ലൈൻ വലിച്ച് പരമാവധി 4 പോസ്റ്റ് ഇട്ട് ത്രീഫേസ് സർവീസ് കണക്ഷൻ നല്കുന്നതിന് ചെലവാകുന്ന തുക- 64,100+150 മീറ്ററിലധികമായുള്ള ഓരോ മീറ്റർ ഓവർ ഹെഡ് ലൈൻ നിർമ്മിക്കുന്നതിനും 160 രൂപ അധികമായും.

സമ്പൂർണ്ണ വൈദ്യുതീകരണം

213(227) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വൈദ്യുതി ലഭ്യമല്ലാത്ത എത്ര വീടുകളാണ് ഉള്ളതെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ വയറിംഗ് പൂർത്തീകരിച്ചുകൊണ്ട് വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ സമർപ്പിക്കുന്ന എല്ലാ ഗ്രണഭോക്താക്കൾക്കും ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ൽ പറഞ്ഞിരിക്കുന്ന സമയപരിധി പാലിച്ചുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഇ.ബി.എൽ.-ൽ വൈദ്യുതി കണക്ഷൻ നൽകിവരുന്നു. എന്നാൽ വയറിംഗ് പൂർത്തീകരിക്കാത്തതോ വയറിംഗ് പൂർത്തീകരിച്ചിട്ടും വൈദ്യുതി കണക്ഷന് അപേക്ഷ സമർപ്പിക്കാത്തതോ ആയ വീടുകളുടെ എണ്ണം കെ.എസ്.ഇ.ബി.എൽ.-ൽ ലഭ്യമല്ല.

(ബി) മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ എത്ര വീടുകൾക്കാണ് പുതുതായി വൈദ്യുതി കണക്ഷൻ നല്കാൻ സാധിച്ചത്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

മുൻസർക്കാരിന്റെ കാലഘട്ടത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിൽ നൽകിയതുൾപ്പെടെ പുതുതായി 8,90,959 വീടുകളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ സാധിച്ചു. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്ത എത്ര വീടുകൾ സംസ്ഥാനത്തുണ്ടെന്ന വിവരം ലഭ്യമാക്കാമോ;

ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ഇനിയും വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ലാത്ത വീടുകളെ സംബന്ധിച്ച വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ശേഖരിക്കുവാനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ അത്തരം വീടുകളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കാനും കെ.എസ്.ഇ.ബി.എൽ. നടപടി ആരംഭിച്ചിട്ടുണ്ട്.

(ഡി) ആദിവാസി മേഖലകളിലടക്കം എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിച്ച് എല്ലാ കുട്ടികൾക്കും ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാക്കുന്നതിലേയ്ക്കായി വൈദ്യുതീകരിക്കാത്ത 64 ആദിവാസി കോളനികൾ കണ്ടെത്തുകയും അവയുടെ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. ഇവ വനാന്തർഭാഗത്ത് സ്ഥിതി ചെയ്യുന്ന വിദൂര കോളനികളായതിനാൽ, ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണത്തിന് വനത്തിൽകൂടി ലൈൻ വലിച്ച് വൈദ്യുതി നൽകുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരുമെന്നതും വളരെ കുറച്ചു കണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമെന്നതും ഈ പ്രദേശങ്ങളിൽ ഗ്രിഡ് വൈദ്യുതി എത്തിക്കുന്നതിനുള്ള വെല്ലുവിളിയാണ്. അതിനാൽ വൈദ്യുതീകരണ പ്രവർത്തനം വേഗത്തിലാക്കുന്നതിനായി സംസ്ഥാന ജില്ലാ തല സമിതികൾ 5-7-2021-ലെ G.O(Rt)No.87/2021/PD പ്രകാരം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ് ഉള്ളടക്കം ചെയ്യുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.